**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1738** **29-09-2025 - ൽ മറുപടിയ്ക്ക്**

**മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന കൈപ്പാട് കർഷകരുടെ കൂട്ടായ്മയായ മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റിക്ക് എന്തൊക്കെ സഹായങ്ങളാണ് വകുപ്പ് നൽകി വരുന്നതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നൽകുമോ? | (എ) | **കാസർഗോഡ്, കണ്ണൂർ കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന കൈപ്പാട് കർഷകരുടെ കൂട്ടായ്മയാണ് *മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റി* . മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റി 2021ൽ ഫാർമർ പ്രൊഡ്യൂസർ കമ്പനി (FPC) ആയി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സൊസൈറ്റിക്ക് കൃഷി വകുപ്പിൽ നിന്നും നൽകി വരുന്ന സഹായങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:**<br><br>**1 . *കോഴിക്കോട് ജില്ല*യിൽ 2024-25 വർഷത്തെ നെൽകൃഷി വികസന പദ്ധതിയിലെ Promotion of Speciality Rice എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തിക്കോടി ഗ്രാമപഞ്ചായത്തിലെ അകലാപ്പുഴ കോൾനിലത്തിൽ നെൽകൃഷി ചെയ്യുന്നതിനായി 1000 കിലോഗ്രാം *ഏഴോം-5* നെൽവിത്ത് നൽകിയ വകയിൽ 50,000/- രൂപ (അൻപതിനായിരം രൂപ മാത്രം) മലബാർ കൈപ്പാട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന് 2025-26 വർഷത്തിൽ നൽകിയിട്ടുണ്ട്. അത്തോളി കൃഷി ഭവൻ 2024-25 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം 100 കിലോ നെൽവിത്ത് വാങ്ങിയ വകയിൽ 5,000/-രൂപ (അയ്യായിരം രൂപ മാത്രം) മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്.**<br><br>**2. *കാസർഗോഡ് ജില്ല*യിൽ മലബാർ കൈപ്പാട് ഫാർമർ സൊസൈറ്റിക്ക് വകുപ്പ് മുഖേന നിലവിൽ സഹായങ്ങൾ നൽകിയിട്ടില്ല.**<br><br>**3. *കണ്ണൂർ ജില്ല*യിൽ 2021-22 വർഷം സമഗ്ര കൈപ്പാട് വികസനത്തിനായി മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റിക്ക് 16.1377 ലക്ഷം രൂപ നല്കിയിട്ടുണ്ട്. 2020-21 വർഷത്തിൽ RKI പദ്ധതി പ്രകാരം 1.5 കോടി രൂപ കാർഷിക സർവ്വകലാശാല** |

| | | | |
|---|---|---|---|
| | | | **മുഖാന്തരം അനുവദിക്കുകയും ഇതിൽ 1.156388 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2021ൽ *Small Farmers Agri Business Consortium* (SFAC) യുടെ കീഴിൽ മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റി, ഫാർമർ പ്രൊഡ്യൂസർ കമ്പനി (FPC) ആയി രജിസ്റ്റർ ചെയ്യുകയും RKVY പദ്ധതി പ്രകാരം SFAC യിൽ നിന്നും 27.47844 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ